കപ്പേള - മൂവി റിവ്യൂ

എഴുതിയത് - ജിതിൻ

കപ്പേള; വീണ്ടും ഒരു അന്ന ബെൻ ചിത്രം എന്നു പറഞ്ഞു തുടങ്ങാം! കുമ്പളങ്ങി നെറ്റ്സ്, ഹെലൻ എന്നീ സിനിമകളിൽ കൂടെ മികച്ച അഭിപ്രായം നേടിയ അന്ന ബെൻ, വളരെ മനോഹരമാക്കിയ ജെസ്സി എന്ന കഥാപാത്രത്തിന്റെ, ഒരു പ്രണയ കാലഘട്ടം ആണ് ഈ സിനിമ പറയുന്നത്. ഈ ചിത്രത്തിന്റെ പരസ്യത്തിൽ എവിടെയോ വായിച്ചത് പോലെ, നമുക്ക് ഇടയിൽ നടന്നിട്ട് ഉള്ള, നടന്നു കൊണ്ട് ഇരിക്കുന്ന, നടക്കാൻ ഇടയുള്ള ഒരു കഥ എന്നു നിസംശയം പറയാം.

ഒരു പ്രത്യേക സ്ഥലം പശ്ചാത്തലം ആക്കി, അവിടുത്തെ നാടൻ കഥ പറയുന്ന സിനിമകൾ മലയാളത്തിൽ ഈയിടെ കണ്ടു വരുന്ന ഒരു പതിവ് ചട്ടക്കൂട് ആണ്. മഹേഷിന്റെ പ്രതികാരം, കുമ്പളങ്ങി, ഇടുക്കി ഗോൾഡ് അങ്ങനെ കുറച്ചധികം സിനിമകൾ അവയിൽ പ്രേക്ഷക ശ്രദ്ധ നേടുകയും ചെയ്തു. അങ്ങനെ നോക്കിയാൽ അത്തരം ഒരു വിജയ ഫോർമുല പരീക്ഷിച്ച സിനിമ ആണ് കപ്പേള എന്നു പറയേണ്ടി വരും. എന്നിരുന്നാലും ഈ സിനിമയുടെ കാഴ്ചകൾ ആവർത്തന വിരസതയോ, ആ നാടിനെ കുറിച്ചുള്ള തെറ്റായ ധാരണകളോ( മോശമായ ധാരണകളോ ) നമ്മളിലേക്ക് പകരുന്നില്ല എന്നത് എടുത്ത് പറയേണ്ടത് ആണ്!

ജെസ്സിയുടെ ആഗ്രഹത്തിലൂടെ തന്നെ കഥ പറഞ്ഞു തുടങ്ങാം. കടൽ കാണണം എന്നത് ആണ് അവളുടെ അതിയായ മോഹം. തന്റെ അടുത്ത കൂട്ടുകാരി ആയ ലക്ഷ്മിയോട്, അവൾ ഇക്കാര്യം പറയുന്ന രംഗം ചെറുതെങ്കിലും, അതി മനോഹരമായി ഇരു നടികളും ചെയ്ത് വെച്ചിട്ട് ഉണ്ട്! തുടർന്ന്, ഒരു wrong number call-ലൂടെ ജീവിതത്തിലേക്ക് കടന്നു വരുന്ന വിഷ്ണു എന്ന നന്മയുള്ള ചെറുപ്പക്കാരനും ജെസ്സിയും തമ്മിൽ ഉണ്ടാകുന്ന, പരസ്പരം കാണാത്ത, ഫോണിലൂടെ മാത്രം പരസ്പരം അറിഞ്ഞുള്ള പ്രണയവും അതിനെ തുടർന്ന് അവർക്ക് നേരിടേണ്ടി വരുന്ന ജീവിതാനുഭവങ്ങളും ഈ സിനിമ വളരെ പിടിച്ചിരുത്തുന്ന ഒരു ത്രില്ലർ രീതിയിൽ തന്നെ പറഞ്ഞു പോകുന്നു.

റേഡിയോ അവതാരിക ആയ നിൽജ എന്ന പുതുമുഖ നടിയുടെ കൈകളിൽ ഭദ്രമായ ലക്ഷ്മിയും, റോഷൻ മാത്യു എന്ന അനുഗൃഹീത നടന്റെ വിഷ്ണു എന്ന കഥാപാത്രവും, സുധി കോപ്പയുടെ നാട്ടിൻ പുറത്തെ യുവ മുതലാളിയും, സുധീഷിന്റെ പള്ളിൽ അച്ചനും ഒക്കെ നമ്മൾക്ക് ഇടയിൽ കാണുന്ന ആരോക്കെയോ ആണെന്ന് പറയാതെ തരമില്ല. പക്ഷെ, ഇതിനൊക്കെ അപ്പുറം, സിനിമ തുടങ്ങി ഏതാണ്ട്

പകുതി അടുക്കുമ്പോൾ ആണ് സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് എങ്കിലും, തന്റെ ആദ്യ സീൻ മുതൽ എന്റെ ഹൃദയം കീഴടക്കിയത് ശ്രീനാഥ് ഭാസിയുടെ റോയ് എന്ന എണ്ണം പറഞ്ഞ കഥാപാത്രം ആണ്!

62nd നാഷണൽ ഫിലിം അവാർഡിൽ പ്രത്യേക ജൂറി പരാമർശം നേടിയിട്ട് ഉള്ള മുഹമ്മദ് മുസ്തഫ എന്ന നടന്റെ ആദ്യത്തെ സംവിധാന സംരഭം ആണ് ഈ സിനിമ. 2020 മാർച്ച് 6നു റിലീസ് ചെയ്ത്, പ്രേക്ഷകർ സ്വീകരിച്ചു തുടങ്ങിയപ്പോഴേക്കും ലോക്ക് ഡൗണിൽ പെട്ട് പോകാൻ ആയിരുന്നു സിനിമയുടെ വിധി എങ്കിലും, june 22 ലെ netflix റീലീസ് സിനിമയുടെ തലവര മാറ്റി മറിച്ചു. Imdb 7.6 റേറ്റിങ് ഉള്ള സിനിമ ഇതിനകം സമൂഹ മാധ്യമങ്ങളിലെ സിനിമ കൂട്ടായ്മകളിൽ ചർച്ച ആയി കഴിഞ്ഞു. ടെലിഗ്രാം പോലുള്ള ആപ്പ്കളിൽ സിനിമ ഡൗൺലോഡ് ചെയത് കാണാൻ കഴിഞ്ഞേക്കും എങ്കിലും, ഒരു നല്ല പ്രക്ഷകൻ എന്ന നിലയിൽ ഈ സിനിമയോട് നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം, ഒഫീഷ്യൽ ആയി തന്നെ സിനിമ കാണുക എന്നത് ആണ്. ഈ സിനിമയ്ക്ക് മാത്രം അല്ല, ഇനി അങ്ങോട്ട് ഉള്ള എല്ലാ ott റീലീസുകൾക്കും അത് ഒരു പ്രചോദനം ആകും.

Kadhaa untold എന്ന ബാനറിൽ വിഷ്ണു വേണു നിർമ്മിച്ച ചിത്രം, വിതരണം ചെയ്തിരിക്കുന്നത് ലോക്കൽ തീയറ്റർ ആണ്. മറ്റ് അണിയറ പ്രവർത്തകരിലേക്ക് നോക്കിയാൽ സുഷിൻ ശ്യാമിന്റെ സംഗീതവും, ജിംഷി ഖാലിദിന്റെ ക്യാമറയും, നൗഫൽ അബ്ദുള്ളയുടെ എഡിറ്റിങ്ങും സിനിമയുടെ കഥയും ആയി വളരെ ചേർന്ന് നിൽക്കുന്നു എങ്കിലും, എന്നിൽ ഏറെ കൗതുകം ഉണർത്തിയ ഒരു ടൈറ്റിൽ ക്രെഡിറ്റ് മറ്റൊന്ന് ആണ്. അഭിമാനത്തോടെ പറയട്ടെ, ഇതിൽ പറയുന്ന സുധ മാഡം ആരെന്ന് അറിയില്ല എങ്കിലും, ഒരു ബാങ്കർ എന്ന നിലയിൽ എന്നിൽ ഈ സിനിമ തുടങ്ങുമ്പോൾ തന്നെ ഇതിനോട് ഒരു ഇഷ്ടം ജനിപ്പിച്ചത് ഈ ടൈറ്റിൽ ആണ്!

Our bank
sbi തേവര ബ്രാഞ്ച്.

ഇത്രയും സാധാരണ സിനിമകളിൽ കാണുന്ന പതിവ് കാഴ്ച ആണെങ്കിലും അതിനടിയിൽ അല്പം വലുതായി തന്നെ ഒരു വരി കൂടി ഉണ്ട്.

Thank you so much sudha madam!

- TB Movie Panel